"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തസ്തിക നിർണയം 2025-2026 - സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ അധിക തസ്തികകൾ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്**

സ.ഉ.(കൈ) നം.85/2026/GEDN തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:-

1. 18.04.2022 തീയതിയിലെ സ.ഉ(പി) 5/2022/പൊ.വി.വ സർക്കാർ ഉത്തരവ് (S.R.O No.375/2022).
2. സ.ഉ(കൈ)നം.92/2025/പൊ.വി.വ തീയതി 24.05.2025.
3. സ.ഉ(കൈ)നം.141/2025/പൊ.വി.വ തീയതി 18.08.2025.
4. സ.ഉ(കൈ)നം.18/2026/പൊ.വി.വ തീയതി 04.02.2026.
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 14.02.2026 തീയതിയിലെ ഡി.ജി.ഇ/2621/2026/എച്ച്2 നമ്പർ കത്ത്.

**ഉത്തരവ്**

കെ.ഇ.ആർ അധ്യായം XXIII ചട്ടം 12 ഉൾപ്പെടെ വിവിധ ചട്ടങ്ങൾക്ക് പരാമർശം (1) പ്രകാരം ഭേദഗതി വരുത്തിയിരുന്നു. പ്രസ്തുത ചട്ട ഭേദഗതിക്കനുസൃതമായി സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 2025-2026 അധ്യയന വർഷത്തിൽ നടത്തിയ തസ്തികനിർണയ പ്രകാരം, പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച ശിപാർശ അനുസരിച്ച് സർക്കാർ സ്കൂളുകളിൽ 655 അധിക തസ്തികകളും, എയ്ഡഡ് സ്കൂളുകളിൽ 1202 അധിക തസ്തികകളും ഉൾപ്പെടെ 1857 അധ്യാപക-അനധ്യാപക അധിക തസ്തികകൾ 1.10.2025 തീയതി പ്രാബല്യത്തിൽ അനുവദിക്കുന്നതിനുള്ള ശുപാർശ പരാമർശം (5) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിക്കുകയുണ്ടായി. പരാമർശം (4) പ്രകാരം 14.07.2025 തീയതിവരെ യു.ഐ.ഡി. പ്രകാരം ലഭിച്ച കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ അധിക തസ്തികകളും ഉൾപ്പെടുത്തിയിട്ടില്ല എന്നും ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2025-2026-ലെ അധിക തസ്തിക നിർണയവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ അധിക തസ്തികകൾ അനുവദിക്കുന്നതിന് പരാമർശം (5) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ

സമർപ്പിച്ച ശുപാർശ അംഗീകരിച്ചുകൊണ്ട് സർക്കാർ സ്കൂളുകളിൽ 655 അധിക തസ്തികകളും എയ്ഡഡ് സ്കൂളുകളിൽ 1202 അധിക തസ്തികകളും ഉൾപ്പെടെ 1857 അധ്യാപക-അനധ്യാപക തസ്തികകൾ താഴെ പറയുന്ന വ്യവസ്ഥകൾക്കു വിധേയമായി 01.10.2025 തീയതി പ്രാബല്യത്തിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

a) സർക്കാർ സ്കൂളുകളിൽ ഓരോ കാറ്റഗറിയിലും ജില്ലാടിസ്ഥാനത്തിലും വിഷയത്തിന്റെ അടിസ്ഥാനത്തിലും പുതുതായി വേണ്ട തസ്തികകളും കുറവ് ചെയ്യേണ്ട തസ്തികകളും തമ്മിൽ താരതമ്യം ചെയ്ത്, ഷിഫ്റ്റ് ചെയ്യേണ്ട തസ്തികകൾ ഷിഫ്റ്റ് ചെയ്തതിന് ശേഷം പുതുതായി തസ്തികൾ ആവശ്യമെങ്കിൽ അത്രയും തസ്തികകൾ മാത്രം സൃഷ്ടിക്കേണ്ടതാണ്.

b) എയ്ഡഡ് സ്കൂളുകളിൽ കോർപ്പറേറ്റ് മാനേജ്മെന്റ്/ഒന്നിലധികം സ്കൂളുകൾ ഒരേ മാനേജ്മെന്റിനു കീഴിൽ വരുന്ന പക്ഷം ഓരോ കാറ്റഗറിയിലും വിഷയത്തിന്റെ അടിസ്ഥാനത്തിൽ പുതുതായി വേണ്ട തസ്തികകളും കുറവ് ചെയ്യേണ്ട തസ്തികകളും താരതമ്യം ചെയ്ത് ഷിഫ്റ്റ് ചെയ്യേണ്ടവ അപ്രകാരം ചെയ്തതിന് ശേഷം പുതുതായി തസ്തികൾ വേണമെങ്കിൽ ആ തസ്തികൾ മാത്രം സൃഷ്ടിക്കേണ്ടതാണ്.

c) തസ്തികനഷ്ടം വന്ന് കുറവു ചെയ്യുന്ന തസ്തികകളിൽ പ്രൊട്ടക്ഷൻ ഇല്ലാത്തതിനാൽ അത്രയും തസ്തികൾക്ക് ശമ്പളം ലഭിക്കുന്നില്ല എന്ന് ഉറപ്പ വരുത്തേണ്ടതാണ്.

d) സർക്കാർ സ്കൂളുകളിൽ അധിക തസ്തികകളിൽ തസ്തികനഷ്ടം സംഭവിച്ച ജീവനക്കാരെ ക്രമീകരിച്ചതിനു ശേഷം മാത്രമേ പുതിയ നിയമനം നടത്താൻ പാടുള്ളൂ.

e) എയ്ഡഡ് സ്കൂളുകളിലെ അധികതസ്തികകളിൽ കെ.ഇ.ആർ അധ്യായം XXI ചട്ടം 7(2) അനുസരിച്ച് മാത്രമേ നിയമനം നടത്താൻ പാടുള്ളൂ.

f) തസ്തികനഷ്ടം സംഭവിച്ച സ്കൂളുകളിൽ ടി തസ്തികയിൽ ആരും ഉടരുകയോ ശമ്പളം കൈപ്പറ്റുകയോ ചെയ്യുന്നില്ലെന്ന് വിദ്യാഭ്യാസ ഓഫീസർ/ട്രഷറി/സ്പാർക്ക് ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി വകുപ്പ്
മാനേജർ, സ്പാർക്ക്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.( പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പൊതുഭരണ (എസ്.സി.) വകുപ്പ് ( 14.03.2026 തീയതിയിലെ ഇനം. നം. 4009 പ്രകാരം)
ധനകാര്യ വകുപ്പ് (05.3.2025 തീയതിയിലെ E . 3432442/ EDN-A3/82/2026-FIN പ്രകാരം)
ഡയറക്ടർ, വിവര-പൊതുജനസമ്പർക്ക വകുപ്പ്, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
പൊതുവിദ്യാഭ്യാസ വകപ്പിലെ എല്ലാ ഓഫിസർമാർക്കും, സെക്ഷനുകൾക്കും.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

Harikumar

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.